## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1722 — 14.07.2016-ൽ മറുപടിക്ക്

### സി ഡാക്ക് എംപ്ലോയീസ് സഹകരണ സംഘം പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.ചിറ്റയം ഗോപകുമാർ :** | | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) | തിരുവനന്തപുരത്ത് വെള്ളയമ്പലത്ത് പ്രവർത്തിക്കുന്ന സി-ഡാക്ക് എംപ്ലോയിസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി-1004-ന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പരിശോധിക്കുന്നതിന് സഹകരണ നിയമം 66-ാം വകുപ്പ് അനുസരിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭിച്ചതെന്നാണെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. അന്വേഷണ റിപ്പോർട്ട് 01.10.2015-ൽ ലഭിച്ചിരുന്നുവെങ്കിലും പൂർണ അന്വേഷണം നടത്തിയിട്ടില്ലാത്തതിനാൽ പുനർ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിനെ തുടർന്ന് 06.04.2016-ൽ പുതുക്കിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിൻമേൽ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | സഹകരണ നിയമം 66-ാം വകുപ്പ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമപ്രകാരമുള്ള തുടർനടപടികൾ തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന സ്വീകരിച്ചുവരുന്നു. |
| (സി) | ഈ സഹകരണ സംഘം ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട് ജോയിന്റ് രജിസ്ട്രാർ അനുമതി നല്കിയിട്ടുണ്ടോ; ഭൂമി വാങ്ങുന്നതിന് എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ; | (സി) | അനുമതി നൽകിയിട്ടില്ല. എന്നാൽ 1,13,17,250 രൂപ ചെലവഴിച്ച് 7½ സെന്റ് വസ്തു വെള്ളയമ്പലത്ത് വാങ്ങിയിട്ടുണ്ട്. |

(ഡി) അന്വേഷണ റിപ്പോർട്ടിനെ സംബന്ധിച്ചും ഭൂമി ഇടപാടിനെക്കുറിച്ചും എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്ത മാക്കുമോ?

(ഡി) പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**